**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 28** **08-08-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനം ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 ജൂൺ മാസം വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2016 മുതൽ 2023 ജൂൺ വരെ **2,15,687 (രണ്ട് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ്റി എൺപത്തിയേഴ്)** ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് . |
| (ബി) | പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പടെ എല്ലാ ഒഴിവുകളും മുൻകൂട്ടി / യഥാസമയം റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകി വരുന്നു.<br><br>പി. എസ്. സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിയമന ശിപാർശ കൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 വർഷം വരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടേയും പരീക്ഷകൾ 2023 ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. Uniformed Forces ലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിലേക്ക് വാർഷിക തെരഞ്ഞെടുപ്പ് നടപ്പിലാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ